# വറുതിയിൽ വിരിഞ്ഞ വിദ്യാപദ്മം

**തീണ്ടാപ്പാടും മണ്ണാപ്പേടിയും പുലാപ്പേടിയും കൊടികുത്തിനിന്ന വറുതിയുടെ മണ്ണിൽനിന്ന് വിദ്യാപദ്മം ചൂടി കെ.ആർ. നാരായണൻ നടന്നുവന്നത് അനശ്വരമായ ചരിത്രം രചിക്കാനായിരുന്നു**

■ **പി.ടി. നരേന്ദ്ര മേനോൻ**

**ഹി**മവത്സാനുക്കളിൽ നിന്നുവരുന്ന സായാഹ്നവാതങ്ങൾ ഇന്ദ്രപ്രസ്ഥത്തിലെ വഴിമരങ്ങളുടെ ഇലകൊഴിപ്പിക്കുന്ന ഒരു ശിശിരകാലത്താണ് മന്ത്രിമന്ദിരത്തിലെ സന്ദർശകമുറിയിലിരുന്ന് ഞാനും പത്നിയും ആ പുരാവൃത്തം കേട്ടത്. ശീതീകരിച്ച് ആധുനികരീതിയിൽ അന്തരലങ്കാരം ചാർത്തിനിൽക്കുന്ന ആ രമ്യഹർമ്യത്തിന്റെ അന്തരീക്ഷത്തിൽ ഇല്ലായ്മയുടെയും വറുതിയുടെയും ആ കഥ ഒരു വിരോധാഭാസമായി തോന്നി. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ കോട്ടയത്തിന്റെ പ്രാന്തങ്ങളിലെ ഉഴവൂരിനുമപ്പുറത്ത് അസ്പൃശ്യതയുടെയും അഗമ്യതയുടെയും കൂത്തരങ്ങായി പെരുന്താനം എന്ന ഗ്രാമപര്യന്തം. അവിടെ ഓലമേഞ്ഞ് ചെത്തിത്തേയ്ക്കാത്ത ചുമരുകളും പീഞ്ഞത്തടി വാതിലുകളുമുള്ള കൂരയിൽ പുലർന്ന ഒരു ദളിതകുടുംബത്തിന്റെ കഥ ഇതൾ വിടർത്തിയത് നാടിന്റെ ഭരണചുക്കാൻ പിടിക്കുന്നവരിലൊരാളിന്റെ ചുണ്ടുകളിൽനിന്നാണ്. ഒച്ചവെച്ച മനോരാജ്യം പോലെ.

തീണ്ടാപ്പാടും മണ്ണാപ്പേടിയും പുലാപ്പേടിയും കൊടികുത്തിനിന്ന കാലത്തും അക്ഷരവും നാട്ടുമരുന്നുമുറയും നേടിയ കോച്ചേരീൽ രാമൻ. കെട്ടിയവൾ പാപ്പി. അവർക്കുണ്ടായ ഏഴ് കരുമാടിക്കുട്ടികൾ. രാമൻ ചാളപ്പുരയുടെ മുറ്റത്ത് ഒരു ദൈവപ്പുര വെച്ചുകെട്ടിയിരുന്നു. അതിൽ മുരുകൻ മൂർത്തിയെ കുടിവെച്ച് കാലത്തും വൈകുന്നേരവും പൂജ നടത്തിയിരുന്നു. വർഷത്തിലൊരിക്കൽ കാവടിയെടുത്ത് മുന്നൂറ് കിലോമീറ്റർ അകലെയുള്ള പഴനിക്ക് നടന്നുപോയി ദണ്ഡായുധപാണിയെ തൊഴുകയും ചെയ്തിരുന്നു.

### കടംകൊണ്ട പുസ്തകങ്ങൾ

ഭാരതത്തിന്റെ ഉപരാഷ്ട്രപതിയും ഒടുവിൽ രാഷ്ട്രപതിയുമായ കെ.ആർ. നാരായണനാണ് തന്റെ ശൈശവകാലത്തെക്കുറിച്ച് പറഞ്ഞുതന്നത്. പരവസമുദായത്തിലെ മറ്റംഗങ്ങളെപ്പോലെ കൂലിപ്പണിക്കും തെങ്ങ് കയറ്റത്തിനും മറ്റും രാമൻ പോയില്ല. എവിടെ നിന്നോ നാട്ടുവൈദ്യം മനസ്സിലാക്കി. തേനിയിൽ പോയി അല്പം സിദ്ധവൈദ്യവും സ്വായത്തമാക്കി. വിഷവൈദ്യവുമുണ്ടായിരുന്നു. രോഗികൾ വന്നിരുന്നുവെങ്കിലും അവരെല്ലാം അധഃകൃതരായിരുന്നു. ഫീസ് കൊടുക്കുവാൻ കഴിവുള്ളവർ വിരളം. ഉയർന്ന സമുദായത്തിൽപ്പെട്ട വൈദ്യന്മാർക്ക് പോലും അതായിരുന്നു സ്ഥിതി. അവർക്കെല്ലാം സ്വന്തമായി കൃഷിയുണ്ടാകും. പ്രഭുകുടുംബങ്ങളിൽനിന്ന് വസ്തുക്കൾ ചാർത്തിക്കിട്ടിയിട്ടുണ്ടാകും. അവയിൽനിന്നുള്ള വരുമാനത്തിലായിരിക്കും കുടുംബം പുലരുക. രാമന് അതൊന്നുമില്ലായിരുന്നു. വൈദ്യവൃത്തിയിൽ നിന്നുള്ള വരുമാനം തുലോം കമ്മിയും. അതിനാൽ ആ കുടുംബത്തിന് കൈവായ്ക്കൊറ്റാണ് വിധിക്കപ്പെട്ടത്.

കുട്ടികൾക്ക് രണ്ടുനേരം കഞ്ഞി കൊടുക്കുവാൻ പോലും രാമനും പാപ്പിയും ഞെരുങ്ങി. എട്ടൊൻപത് ആത്മാവുകൾക്ക് തണലേകിയിരുന്ന ഒരു ചാളപ്പുര എങ്ങനെയോ ഉണ്ടായി. പാപ്പി ഉഴക്കരിക്കഞ്ഞി എല്ലാവർക്കുമായി വീതിച്ചുനൽകി. വല്ല വിധത്തിലും കുട്ടികൾ പള്ളിക്കൂടത്തിൽ പോയിവന്നു. വർഷത്തിലൊരിക്കൽ മുരുകപൂജക്ക് നൈവേദ്യമായി ഉണ്ടാക്കുന്ന പഞ്ചാമൃതത്തിന് ദിവസങ്ങളോളം നാരായണനും സഹോദരങ്ങളും കാത്തിരുന്നുവത്രേ.

നാരായണൻ സ്കൂളിൽ പോകുന്ന വഴിക്കരികിൽ ഒരു പണിക്കർ വക്കീലിന്റെ വീടുണ്ടായിരുന്നു. ആ വീട്ടുകാരുടെ അകന്ന ബന്ധുവായ ഒരു കുട്ടി സതീർത്ഥ്യനായിരുന്നതിനാൽ അവനോടൊത്ത് നാരായണൻ ആ വീട്ടിൽ പോയി. പണിക്കരുടെ പത്നി നാരായണനോട് എന്തെങ്കിലും പദ്യം ചൊല്ലണമെന്ന് ആവശ്യപ്പെട്ടപ്പോൾ, ചൊല്ലിയത് ഉള്ളൂരിന്റെ കാളിന്ദീയാറ്റിൻകരയിൽ കണ്ണിനമൃതധാരയായ്, പരപ്പിലുണ്ടൊരാരോമൽ പച്ചപ്പുൽത്തകിടിപ്പുറം എന്നു തുടങ്ങി “ആടിനാൻ പോൽ, പാടിനാൻ പോൽ മായാമാനുഷനെൻപുരാൻ” എന്ന് അവസാനിക്കുന്ന ശ്ലോകങ്ങളായിരുന്നു. സഹൃദയയായ ആ സ്ത്രീക്ക് നാരായണനിൽ എന്തോ പ്രതിപത്തിയുണ്ടായി. വീട്ടിന്റെ പൂമുഖത്തുനിന്ന് കുട്ടി സ്കൂളിൽ പോകുന്നത് കണ്ടാൽ അവർ വിളിച്ചുപറയും, പുട്ടും കടലയുമുണ്ട്, കഴിച്ചിട്ട് പോകൂ, ഉച്ചയ്ക്ക് ഊണ് കഴിക്കാൻ വന്നുകൊള്ളൂ, എന്നൊക്കെ. പല ദിവ

സങ്ങളിലും ആ വീട്ടിൽനിന്ന് ഭക്ഷണം തരമായി. പണിക്കരുടെ പത്നി നൽകിയ ഒഴിച്ചുകൂട്ടാന്റെയും മിഴുക്ക് പുരട്ടിയുടെയും പുട്ടും കടലയുടെയും സ്വാദ് ലോകത്ത് പലയിടത്തുമുള്ള മഹാവിരുന്നുകളിൽ പങ്കെടുത്തിട്ടും തനിക്ക് കിട്ടിയിട്ടില്ലെന്ന് മന്ത്രിയായിരുന്നപ്പോഴും ഉപരാഷ്ട്രപതിയായിരുന്നപ്പോഴും നാരായണൻ പറഞ്ഞിട്ടുണ്ട്. ഉപരാഷ്ട്രപതിയായിരുന്ന കാലത്ത് ഇത്തരം ബാല്യകാല സ്മരണകൾ പറയുമ്പോൾ പുനത്തിൽ കുഞ്ഞബ്ദുള്ളയേയും 'മാതൃഭൂമി'യിലെ മുതിർന്ന പത്രപ്രവർത്തകനായ വി. രാജഗോപാലിനേയും എഴുത്തുകാരനായ മുസാഫിറിനേയും ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ കൂട്ടിക്കൊണ്ട് പോയിരുന്നു എന്നാണോർമ്മ.

കാലത്ത് ഉറക്കമുണർന്ന് ചാളയ്ക്കടുത്തുള്ള ആറ്റിൽ കുളിച്ചുവന്നാൽ ഉപ്പിട്ട അല്പം കഞ്ഞികിട്ടും. പിന്നെ പള്ളിക്കൂടത്തിലേക്ക് പതിനഞ്ച് കിലോ മീറ്റർ നടത്തമാണ്. പാടം, പറമ്പ്, തോട്, കുന്ന് എന്നിവ താണ്ടി സ്കൂളിലെത്തുമ്പോഴേയ്ക്കും കാലത്ത് കഴിച്ച കഞ്ഞി ദഹിച്ച് വിശപ്പ് തുടങ്ങിയിട്ടുണ്ടാകും. തിരിച്ചെത്തുക ഇരുൾ വീഴുമ്പോഴാണ്. എന്നിട്ടേ എന്തെങ്കിലും ആഹാരം കിട്ടൂ. ഏകാന്തമായ ആ പള്ളിക്കൂടയാത്രകളിൽ വഴിമരങ്ങളും പൂക്കളും ചിത്രശലഭങ്ങളും വണ്ണാത്തിപ്പുള്ളുകളും പട്ടികളുമൊക്കെയായിരുന്നു കൂട്ട്. കുറിച്ചിത്താനം ലോവർ പ്രൈമറി സ്കൂൾ, ഉഴവൂരിലെ അപ്പർ പ്രൈമറി സ്കൂൾ, കുറവിലങ്ങാട് സെന്റ് ജോൺസ് ഹൈസ്കൂൾ എന്നിവയിലൂടെയാണ് ആ പഠിത്തകാലം കടന്നുപോയത്. ടെക്സ്റ്റ് ബുക്കുകൾ വാങ്ങാൻ പണമില്ലായിരുന്നു. സതീർത്ഥ്യരുടെ പുസ്തകങ്ങൾ കടംവാങ്ങിക്കൊണ്ടു വരും.

രോഗിയായി കിടപ്പിലായ ജ്യേഷ്ഠൻ നീലകണ്ഠൻ അങ്ങാടിസാധനങ്ങൾ പൊതിഞ്ഞു കൊണ്ടുവരുന്ന തവിട്ടു കടലാസ്സിൽ അവ പകർത്തിയെടുക്കും. എന്നിട്ടും നാരായണൻ ക്ലാസ്സിൽ എല്ലായ്പ്പോഴും ഒന്നാമനായി. ഫീസടയ്ക്കാത്തതിനാൽ അധ്യാപകർ പല ദിവസങ്ങളിലും കുട്ടിയെ ക്ലാസ്സിന് വെളിയിൽ നിർത്തി. അവിടെനിന്ന് പാഠങ്ങൾ ശ്രദ്ധിച്ചു. ഒരിക്കൽ അപമാനം സഹിക്കാൻ വയ്യാതെ നാരായണൻ സ്കൂളിൽ പോകാതെയായി. വീട്ടിൽനിന്ന് സ്കൂളിലേക്കാണെന്ന് പറഞ്ഞ് പുറപ്പെടും. എന്നിട്ട് ചില കുട്ടികളോടൊപ്പം പറങ്കിമാവിൻ തോട്ടത്തിൽ ഗോലി കളിക്കും. കുറേ നാളുകൾ കഴിഞ്ഞപ്പോൾ ആ വഴിപോയ ഒരു അദ്ധ്യാപകൻ അതുകണ്ടു. കുട്ടിയെ വിളിച്ച് വീണ്ടും സ്കൂളിലേക്ക് കൊണ്ടുപോയി. നാരായണന്റെ ബുദ്ധിശക്തി കണ്ടറിഞ്ഞ ആ മനുഷ്യനാണ് പ്രധാന അദ്ധ്യാപകനോട് ഫീസടക്കാത്ത കാരണത്താൽ കുട്ടിയെ വെളിയിൽ നിർത്തരുതെന്ന് അപേക്ഷിച്ചത്. പഠിത്തത്തിൽ മിടുക്കനായ കുട്ടി കൊഴിഞ്ഞുപോയാൽ നഷ്ടം വിദ്യാലയത്തിനു തന്നെയെന്ന് ബോധ്യപ്പെടുത്തിയത്.



കെ.ആർ. നാരായണനും പത്നി ഉഷയും

## പറക്കും നിറങ്ങൾ നേടിയ നാളുകൾ

ഹൈസ്കൂൾ പഠനം കഴിഞ്ഞപ്പോൾ കോളേജ് പഠനത്തിന് തിരുവിതാംകൂർ രാജകുടുംബത്തിൽനിന്ന് ഒരു സ്കോളർഷിപ്പ് നാരായണനെ തേടിയെത്തി. അതില്ലായിരുന്നുവെങ്കിൽ താൻ ഏതെങ്കിലും താണതരം ജോലിയിൽ ചേരുമായിരുന്നുവെന്ന് അദ്ദേഹം പലവുരു പറഞ്ഞിട്ടുണ്ട്. ആ സഹായത്തിന്റെ ബലത്തിലാണ് കോട്ടയം സി.എം.എസ്. കോളേജിൽ ചേർന്ന് 1938 മുതൽ 1945 വരെ പഠിച്ചതും തിരുവിതാംകൂർ സർവ്വകലാശാലയിൽനിന്ന് ഒന്നാം റാങ്കോടെ ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ. ബിരുദം നേടിയതും. ആ രാജ്യത്തിൽ ആദ്യമായി അത്തരം നേട്ടം കൈവരിച്ച ദളിതൻ. അക്കാലത്ത് ഒന്നാം റാങ്ക് നേടിയവരെ നേരിട്ട് ലക്ചററായി നിയമിക്കുന്ന പതിവുണ്ടായിരുന്നു. എന്നാൽ, സർവകലാശാലയിലെ ചില സവർണ്ണകോമരങ്ങൾ എന്തോ കാരണം പറഞ്ഞ് നാരായണന് നിയമനം നൽകിയില്ല.

ഒരു ദളിതൻ ഉയർന്ന ജാതിക്കാരെ പഠിപ്പിക്കുന്നത് അവർക്ക് അത്ര കണ്ട് ബോധിച്ചില്ല എന്നതായിരുന്നു യഥാർത്ഥ കാരണം. ചിത്തിരത്തിരുനാൾ മഹാരാജാവ് അതറിഞ്ഞിട്ടില്ലെന്നാണ് നാരായണന്റെ വിശ്വാസം. ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ച ഒരു രാജാവിന് അങ്ങനെ നീതികേട് പ്രവർത്തിക്കാനാവില്ല എന്നുതന്നെയായിരുന്നു വിശ്വാസം. പക്ഷേ, ആ വിവേചനം വേഷപ്രച്ഛന്നമായ അനുഗ്രഹമായി. ജോലി തേടി നാടുവിട്ട നാരായണന് ആദ്യം 'ദി ഹിന്ദു'വിലും പിന്നീട് 'ടൈംസ് ഓഫ് ഇന്ത്യ'യിലും ഒരു വർഷം പത്രപ്രവർത്തകനായി ജോലി ചെയ്യാൻ സാധിച്ചു. അക്കാലത്താണ് (1945) മൗനവ്രതത്തിലായിരുന്ന മഹാത്മ ഗാന്ധിയെ ബോംബെയിൽ വെച്ച് ഇന്റർവ്യൂ ചെയ്തത്. ഉത്തരങ്ങൾ ഗാന്ധിജി എഴുതിക്കൊടുക്കുകയായിരുന്നുവത്രെ. ഭക്ഷണം കഴിച്ചേ പോകാൻ പാടുള്ളൂ എന്നും പറഞ്ഞു. ജാംഷെഡ്ജി ടാറ്റയാണ് തന്റെ എല്ലാ നേട്ടങ്ങൾക്കും അടിത്തറ

പാകിയതെന്നായിരുന്നു നാരായണന്റെ വിശ്വാസം. അദ്ദേഹം നൽകിയ സ്കോളർഷിപ്പിലാണല്ലോ 'ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ' ചേർന്നത്. ഹരോൾഡ് ലാസ്കി, കാൾ പോപ്പർ, ലയോനൽ റോബിൻസ് തുടങ്ങിയ പ്രശസ്ത ധനശാസ്ത്രജ്ഞരായിരുന്നു അദ്ധ്യാപകർ.

ലണ്ടനിൽ സഹപാഠികളായി, പേരെടുത്ത ധനശാസ്ത്രജ്ഞനായി ത്തീർന്ന ഡോ. കെ.എൻ. രാജ്, കാനഡയുടെ പ്രധാനമന്ത്രിയായിത്തീർന്ന പയറി ട്രൂഡോ, മൗറീഷ്യസ്സിലെ ആദ്യ പ്രസിഡണ്ടായിത്തീർന്ന വീരസ്വാമി, റിംഗാഡോ എന്നിവരുണ്ടായിരുന്നുവത്രെ. അവരുമായുണ്ടായിരുന്ന സൗഹൃദം നാരായണൻ എക്കാലവും കാത്തുസൂക്ഷിച്ചു. പഠനം കഴിഞ്ഞ് ഇന്ത്യയിലേക്ക് തിരിച്ചുപോരുമ്പോൾ ഹരോൾഡ് ലാസ്കി തന്റെ ശിഷ്യനെ വിളിച്ച് ജവഹർലാൽ നെഹ്റുവിന് ഒരു കത്ത് കൊടുത്തു. ഇന്ത്യൻ വിദേശകാര്യവകുപ്പിൽ ജോലിക്ക് പറ്റിയ ആളാണ് കത്ത് കൊണ്ടുവരുന്നത് എന്നാണെഴുതിയത്. അതുമായി ഡൽഹിയിൽ ചെന്നപ്പോൾ എങ്ങനെയോ പ്രധാനമന്ത്രിയെ കാണാൻ ഒരു സമയം നിശ്ചയിച്ച് കിട്ടി. എങ്ങനെ കിട്ടി എന്ന് നാരായണന് അവസാനം വരെ അറിവുണ്ടായിരുന്നില്ല.

പാർലമെന്റ് ഹൗസിൽ വെച്ചാണ് നെഹ്റുവിനെ കണ്ടത്. ഏതാനും മിനിട്ടുകൾ ലണ്ടനെക്കുറിച്ച് ചിലത് സംസാരിച്ചതോടെ സമയം കഴിഞ്ഞുപോയി. യാത്ര പറയുമ്പോഴേ ലാസ്കിയുടെ കത്ത് കൊടുത്തുള്ളൂ. പുറത്തുള്ള വർത്തുള വരാന്തയിലെത്തിയപ്പോഴതാ പ്രധാനമന്ത്രി, നാരായണനെ കൈകാട്ടി വിളിക്കുന്നു. കത്ത് എന്തുകൊണ്ട് നേരത്തെ തന്നില്ലെന്ന് ചോദിച്ചു. വിദേശ കാര്യവകുപ്പിൽ ചെന്ന് കെ.പി.എസ്. മേനോനെ കാണാൻ പറഞ്ഞു. കെ.പി.എസ്സാകട്ടെ അനുമതി ചോദിച്ച് എഴുതിയ കത്തിന് പ്രാതലിന് ക്ഷണിച്ചുകൊണ്ട് മറുപടി കൊടുത്തു.

നാരായണൻ വിദേശകാര്യ വകുപ്പിൽ ജോലിക്ക് സർവഥാ അനുയോജ്യനാണെന്ന് കെ.പി.എസ്. നെഹ്റുവിനെ അറിയിച്ചതിനെ തുടർന്നാണ് അദ്ദേഹം ബർമ്മയിലെ ഇന്ത്യൻ എംബസ്സിയിൽ ചേർന്ന് ഔദ്യോഗിക ജീവിതം തുടങ്ങിയത്. ജപ്പാൻ, ഇംഗ്ലണ്ട്, ആസ്ട്രേലിയ, വിയറ്റ്നാം എന്നിവിടങ്ങളിലെ ഇന്ത്യൻ എംബസ്സികളിൽ ജോലിചെയ്തശേഷം അദ്ദേഹം തായ്ലാൻഡിലെ ഇന്ത്യൻ അംബാസിഡറായി. പിന്നീട് തുർക്കിയിലേയും ചൈനയിലേയും അംബാസിഡറായി. തിരിച്ചുവന്ന് ഇന്ത്യയുടെ വിദേശകാര്യ വകുപ്പ് സെക്രട്ടറിയായി. ജോലിയിൽനിന്ന് വിരമിച്ചശേഷം ജവഹർലാൽ നെഹ്റു സർവകലാശാലയുടെ വൈസ് ചാൻസലറായി സേവനം അനുഷ്ഠിക്കവേയാണ് അമേരിക്കയിലെ ഇന്ത്യൻ അംബാസിഡറായി പുനർനിയമനം കിട്ടിയത്.

## അങ്കണം മാറിയ അങ്കം

1984-ൽ ഒരുദിവസം ലോകമാകമാനം നീളുന്ന സൗഹൃദ ശൃംഖലയുള്ളയാളും ഒന്നാംതരം സഹൃദയനുമായ കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസിയുടെ എം.ഡി. പി.ആർ. കൃഷ്ണകുമാർ, കെ.ആർ. നാരായണൻ പത്നി ഉഷയോടൊപ്പം ലോക്സഭയിലേക്ക് കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിക്കുവാൻ ഒറ്റപ്പാലത്ത് വരുന്നുണ്ടെന്നും മണ്ഡലത്തിൽ ആരേയും പരിചയമില്ലെന്നും നേരെ എന്റെ വീട്ടിലേക്ക് വരാൻ പറഞ്ഞിട്ടുണ്ടെന്നും ഫോണിൽ വിളിച്ചു പറഞ്ഞു. 'ഇല്ലസ്ട്രേറ്റഡ് വീക്ക്ലി ഓഫ് ഇന്ത്യ'യിൽ ഞാൻ നാരായണന്റെ ഒന്നു രണ്ട് ലേഖനങ്ങൾ വായിച്ചിരുന്നു എന്നല്ലാതെ അദ്ദേഹവുമായി യാതൊരു പരിചയവുമുണ്ടായിരുന്നില്ല. പത്നി ബർമ്മക്കാരിയാണെന്ന് പോലും അറിഞ്ഞിരുന്നില്ല.

കോയമ്പത്തൂരിൽ വിമാനമിറങ്ങി രണ്ടുപേരും ഒറ്റപ്പാലത്തെത്തി. ശ്രീമതി കെ.പി.എസ്. മേനോനെ കണ്ട് വന്ദിച്ചശേഷം (അന്നേക്ക് കെ.പി.എസ്. ദിവംഗതനായിരുന്നു). എന്റെ വീട്ടിൽ വന്നു. അന്നവിടെ താമസിക്കുകയും ചെയ്തു. പിറ്റേദിവസമാണ് മയിൽ വാഹനം ബസ്സ് സർവീസിന്റെ ഉടമസ്ഥന്മാരിലൊരാളായ തമ്പാച്ചനെന്ന സി.എ. അബ്രഹാമിന്റെയും പത്നി ഗീത അബ്രഹാമിന്റെയും സഹായത്തിൽ ഷൊർണ്ണൂരിൽ ഒരു വീട് വാടകയ്ക്കെടുത്ത് തെരഞ്ഞെടുപ്പ് പ്രവർത്തനം തുടങ്ങിയത്. ഒരു രാഷ്ട്രീയപ്പാർട്ടിയോടും പ്രത്യേക ബന്ധമില്ലാത്ത എന്നെപ്പോലുള്ളവർക്ക് കാര്യമായ ഒരു സഹായവും സ്ഥാനാർത്ഥിക്ക് ചെയ്യാൻ വഴിയുണ്ടായിരുന്നില്ല. അക്കാര്യം ഞാൻ വ്യക്തമാക്കുകയും ചെയ്തു.

തെരഞ്ഞെടുപ്പ് ചെലവിന് ആകെ അയ്യായിരം രൂപയുമായാണ് അദ്ദേഹം വന്നിട്ടുള്ളത്. ന്യൂഡൽഹിയിലെ ഒരു ഫ്ലാറ്റും വലിയതല്ലാത്ത ബാങ്ക് നിക്ഷേപവുമായിരുന്നു ആകെ സമ്പാദ്യം. കാലെടുത്ത് വയ്ക്കുന്നതിന് കാല്പണം കൂലി എന്ന പഴയ ചൊല്ല് അന്വർത്ഥമാക്കും വിധമാണ് പ്രവർത്തകരുടെ രീതി എന്ന് വേഗം അദ്ദേഹം മനസ്സിലാക്കി. പാർട്ടി ഫണ്ടിന്റെ സൂക്ഷിപ്പുകാരനായ സീതാറാം കേസരിയുടെ ദാക്ഷിണ്യം പ്രതീക്ഷിച്ചിരിക്കുകയല്ലാതെ മറ്റൊരു വഴിയുമുണ്ടായിരുന്നില്ല.

എന്റെ സഹോദരീ ഭർത്താവിന്റെ കുടുംബം നടത്തുന്ന കോട്ടക്കൽ ആര്യവൈദ്യശാലയുടെ തലവൻ, ഞങ്ങൾ കുട്ടിമാമൻ എന്ന് സ്നേഹപൂർവം വിളിക്കുന്ന ഡോ. പി.കെ. വാരിയരോട് അപേക്ഷിച്ചു ഇരുപതിനായിരം രൂപ വാങ്ങി കൊടുക്കുവാനല്ലാതെ മറ്റൊരു സഹായവും ചെയ്യാൻ എനിക്കായില്ല. പ്രചാരണത്തിനിറങ്ങാൻ തയ്യാറായതുമില്ല. എതിർസ്ഥാനാർത്ഥിയായ എ.കെ. ബാലനുമായി അടുത്ത് പരിചയമുണ്ടായിരുന്നു. കോൺഗ്രസ് പ്രവർത്തകരുടെ പ്രചാരണരീതിക്ക് ശക്തി പോരെന്നും അടുക്കും ചിട്ടയുമില്ലെന്നും കാണുന്നുണ്ടായിരുന്നു. മറുഭാഗത്താണെങ്കിൽ എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിക്കുന്ന ഒരു പാർട്ടിപ്പടയും. പക്ഷേ, എന്തുകൊണ്ടോ നിയോജകമണ്ഡലത്തിലെ വോട്ടർമാർ പെട്ടെന്ന് തന്നെ നാരായണന്റെ ലളിതവും ആർജ്ജവം നിറഞ്ഞതുമായ പെരുമാറ്റത്തിൽ ആകൃഷ്ടരായി. ഫലം പുറത്തു വന്നപ്പോൾ അദ്ദേഹത്തിന്റെ ഭൂരിപക്ഷം ഒരു ലക്ഷത്തി അൻപത്തയ്യായിരമായിരുന്നു എന്നാണോർമ്മ.

പ്രചാരണത്തിനിടയിൽ എതിർഭാഗത്തെ ചില നേതാക്കൾ നാരായണൻ ദീർഘകാലം വിദേശത്തായതിനാൽ മലയാളം തന്നെ മറന്നുപോയിട്ടുണ്ടെന്നും പത്നി ബർമ്മക്കാരിയാണെന്നും മുണ്ട് ഉടുക്കാൻ അറിയില്ലെന്നുമൊക്കെ നിയോജക

മണ്ഡലത്തിലുടനീളം പ്രസംഗിച്ചിരുന്നു. നല്ല മലയാളത്തിൽത്തന്നെ പ്രസംഗിക്കാൻ കഴിവുണ്ടെന്ന് അദ്ദേഹം വേഗം തെളിയിച്ചു. മുണ്ടുടുക്കാൻ അറിയില്ലെന്നുള്ളതിന് മറുപടിയായി അദ്ദേഹം പറഞ്ഞു; "എനിക്ക് മുണ്ടുടുക്കാനറിയാം. നോക്കൂ, ഞാൻ ഒറ്റമുണ്ടല്ലെ ഉടുത്തിരിക്കുന്നത്. മുണ്ട് മുറുക്കിയുടുത്ത ശീലവുമുണ്ട്." വിശപ്പറിഞ്ഞിട്ടുണ്ട് എന്ന് സൂചിപ്പിക്കുകയായിരുന്നു അദ്ദേഹം.

എം.പിയായതോടെ നാരായണനെ ആസൂത്രണ സഹമന്ത്രിയായി നിയമിച്ചു. പിന്നീട് വിദേശകാര്യ വകുപ്പിൽ സഹമന്ത്രിയായി. താമസിയാതെ അദ്ദേഹം ശാസ്ത്രസാങ്കേതിക വകുപ്പിന്റെ സ്വതന്ത്ര ചുമതലയുള്ള മിനിസ്റ്റർ ഓഫ് സ്റ്റേറ്റ് ആയി നിയമിതനായി. മന്ത്രിയായിരുന്നപ്പോഴാണ് ചില വിദേശരാഷ്ട്രങ്ങൾ കുത്തക പേറ്റന്റ് അവകാശങ്ങളോടെ ഇന്ത്യയിൽ വേരുറപ്പിക്കാൻ നടത്തിയ ശ്രമങ്ങൾക്കെതിരായി അദ്ദേഹം ശക്തമായ നിലപാടെടുത്തത്. മൂന്ന് തെരഞ്ഞെടുപ്പുകളിൽ വിജയിച്ച ലോക്സഭാംഗം, വിവിധ വകുപ്പുകൾ കൈകാര്യം ചെയ്ത കേന്ദ്രമന്ത്രി, ഉപരാഷ്ട്രപതി, രാഷ്ട്രപതി എന്നീ നിലകളിൽ നാരായണന്റെ പ്രവർത്തനം മികച്ചതായിരുന്നു എന്ന് പലരും വിലയിരുത്തിയിട്ടുണ്ട്. അതിനെക്കുറിച്ച് അപഗ്രഥിക്കലല്ല ഈ ഓർമ്മക്കുറിപ്പിന്റെ ഉദ്ദേശ്യം. അദ്ദേഹവും പത്നിയുമായുണ്ടായ എന്റെയും പത്നിയുടെയും സൗഹൃദത്തിന്റെ ചില നുറുങ്ങുകൾ ചികഞ്ഞെടുക്കുവാനാണ് ഇതെഴുതുന്നത്.

## അഹൈതുകമായ അനുഭാവസ്പർശം

ആദ്യത്തെ തെരഞ്ഞെടുപ്പിന് നടേ പറഞ്ഞതുപോലെ ചില്ലറ സംഖ്യയുണ്ടാക്കിക്കൊടുക്കുക, ചില നാളുകളിൽ വീട്ടിൽ താമസിപ്പിച്ച് ആതിഥ്യം നൽകുക എന്നല്ലാതെ എനിക്കും പത്നിക്കും നാരായണന് യാതൊരു സഹായവും ചെയ്യാൻ കഴിഞ്ഞിട്ടില്ല. തെരഞ്ഞെടുപ്പുകളിൽ മോറൽ പിന്തുണ നൽകുകയല്ലാതെ, പ്രചാരണവേളകളിൽ അനുഗമിക്കുവാൻ പോലും കക്ഷിരാഷ്ട്രീയമില്ലാത്ത ഞാനോ പത്നിയോ തയ്യാറായിരുന്നില്ല. അത്യുന്നതങ്ങളിൽ എത്തിയ അദ്ദേഹത്തിന് ഒറ്റപ്പാലമെന്ന ചെറിയ ജനപദത്തിൽ വസിക്കുന്ന ഞങ്ങളെക്കൊണ്ട് യാതൊരു പ്രയോജനവുമുണ്ടായിരുന്നില്ല. എന്നിട്ടും നാരായണനും പത്നിയും ഞങ്ങളോട് കാണിച്ച അടുപ്പം ഇന്നാലോചിക്കുമ്പോൾ അദ്ഭുതമായിത്തോന്നുന്നു. കവിതയോടും സംഗീതത്തോടുമുള്ള അഭിനിവേശമൊന്ന് മാത്രമാണ് അതിനുകാരണം എന്ന് തോന്നുന്നു.

നാരായണൻ കേന്ദ്രമന്ത്രിയായിരുന്ന കാലത്ത് ന്യൂഡൽഹിയിൽ എന്റെ പത്നിക്ക് ചില സംഗീതക്കച്ചേരികൾ ഉണ്ടായിരുന്നു. താമസത്തിന് ഹോട്ടലും ബുക്ക് ചെയ്തിരുന്നു. ട്രെയിൻ ഇറങ്ങിയപ്പോൾ



കെ.ആർ. നാരായണനും പത്നിയും ലേഖകന്റെ പത്നിയെ സ്വീകരിക്കുന്നു

നാരായണന്റെ ഏറ്റവും വിശ്വസ്തനായ സെക്രട്ടറി രാജൻ എന്ന് വിളിക്കുന്ന മാഹിക്കാരൻ ജയരാജ് (അന്ത്യം വരെ ഇദ്ദേഹം തന്നെയായിരുന്നു സെക്രട്ടറി) സ്റ്റേഷനിൽ ഞങ്ങളെ കാത്തു നിൽക്കുന്നു. ഹോട്ടലിൽ വിളിച്ച് ബുക്കിംഗ് റദ്ദാക്കിയിട്ടുണ്ടെന്നും താമസം മന്ത്രിമന്ദിരത്തിൽ തന്നെ വേണമെന്ന് അദ്ദേഹവും പത്നിയും നിർദ്ദേശിച്ചിട്ടുണ്ടെന്നും പറഞ്ഞു. അത്തവണ പത്തു ദിവസമാണ് ഞങ്ങൾ ആ ദമ്പതിമാരുടെ കൂടെ പാർത്തത്. ആതിഥേയർ എന്ന നിലയ്ക്ക് അവർക്കുള്ള സുജന സൗരഭ്യം ആപത്തുനാളുകളിലും ഞങ്ങൾക്ക് ചുറ്റും നിറഞ്ഞുനിന്നു.

പ്രാതലിനും ഉച്ചയൂണിനും അത്താഴത്തിനും എന്താണിഷ്ടമെന്ന് രണ്ടു പേരും മാറിമാറി ആരായും. എന്തായാലും വേണ്ടില്ലെന്ന് പറഞ്ഞാൽ അതുവരെ കഴിച്ചിട്ടില്ലാത്ത പല കോൺടിനന്റൽ വിഭവങ്ങളുടെ പേരുകൾ പറഞ്ഞ് ചിലത് തെരഞ്ഞെടുക്കുവാൻ നിർദ്ദേശിക്കും. ഒരു കാര്യം മനസ്സിലായി, ലോകമെമ്പാടുമുള്ള ബഹുതല വിരുന്നുകളിൽ പങ്കെടുത്തിട്ടുള്ള നാരായണനിഷ്ടം തനിനാടൻ മലയാളി ഭക്ഷണമായിരുന്നുവെന്ന്. പുട്ടും കടലയും അവിയലും തിയ്യലുമൊക്കെയുണ്ടാക്കുവാൻ മലയാളി പാചകക്കാരനെ വിളിച്ചു വരുത്തും. കൊടിവെച്ച പുഡ്ഡിംഗുകളെക്കാൾ പ്രതിപത്തി പരിപ്പ് പ്രഥമനോടായിരുന്നു. തേങ്ങ വറുത്തരച്ച് കൊത്തമ്പാലയും ഉള്ളിയും ഇഞ്ചിയും ചേർത്തുണ്ടാക്കുന്ന കോഴിക്കറിപോലെ രുചികരമായ സസ്യേതര വിഭവം വേറെ ലോകത്തിലില്ലെന്ന് പറയും.

വാഷിംഗ്ടണിൽ ഇന്ത്യൻ അംബാസിഡറായിരുന്നപ്പോൾ ഒരു ഔദ്യോഗിക വിരുന്നിന് പുട്ടുണ്ടാക്കിയ കഥ പറഞ്ഞു. നിരവധി നാടുകളിൽ നിന്നുള്ള നയതന്ത്രപ്രതിനിധികൾ സംബന്ധിക്കുന്ന വിരുന്നാണ്. പുട്ടും കടലയും ഒരു കോർസാകട്ടെ എന്ന് നാരായണൻ നിശ്ചയിച്ചു. അടുക്കളയിൽ ചെന്ന് അതുണ്ടാക്കുന്നതിന്റെ മേൽനോട്ടം വഹിച്ചു. അപ്പോഴാണ് മനസ്സിലായത് വാഷിംഗ്ടണ്ണിലാകെ അന്വേഷിച്ചിട്ടും തേങ്ങ കിട്ടിയിട്ടില്ല

എന്നത്. ഒടുവിൽ നാളികേരം ചിരവിയിടാതെ തന്നെ പുട്ടുണ്ടാക്കേണ്ടി വന്നു. പുട്ട് കഴിച്ചുകൊണ്ടിരുന്ന ഒരു യൂറോപ്യൻ നയതന്ത്രജ്ഞനോട് നാരായണൻ ചോദിച്ചു, "ഇത് ഇന്ത്യയുടെ തെക്കേയറ്റത്തുള്ള എന്റെ ഗ്രാമത്തിലെ ഒരു വിശിഷ്ടവിഭവമാണ്. എങ്ങനെയുണ്ട് രുചി?" മറുപടി ഇങ്ങനെയായിരുന്നു. യാതൊരു ഡിപ്ലോമസിയും കൂടാതെ. "It taster like sawdust in the mouth." (വായിൽ ഈർച്ചപ്പൊടി നിറച്ചപോലെ തോന്നുന്നു.)

അക്കാലത്ത് നാരായണന് അമേരിക്കയിൽനിന്ന് ജോലി മതിയാക്കിപ്പോരുമ്പോൾ ഇറക്കുമതി ചെയ്ത പ്യൂഷോ എന്ന ഒരു ഫ്രഞ്ച് കാറുണ്ടായിരുന്നു. സ്വന്തം ആവശ്യങ്ങൾക്ക് മന്ത്രിയുടെ കാറെടുക്കാതെ സ്വയം ഓടിച്ചാണ് നാരായണൻ ദമ്പതികൾ പലപ്പോഴും പോവുക. ഞങ്ങൾ സുഹൃത്തുക്കളേയും മറ്റും കാണാൻ പോകുമ്പോൾ ആ കാറെടുത്തുകൊള്ളാൻ പറയും. ഒരിക്കലേ ഞാനതിന് തുനിഞ്ഞുള്ളു. ഗീർ ഓട്ടോമാറ്റിക്. ലെഫ്റ്റ് ഹാൻഡ് ഡ്രൈവ്. പരിചയക്കുറവുകൊണ്ട് ഏറെ തപ്പലുണ്ടായി. ഇന്ത്യൻ കാറുകൾ റൈറ്റ് ഹാൻഡ് ഡ്രൈവാണല്ലോ. ന്യൂഡൽഹി പരിചയമില്ലാത്തതിനാൽ ഓരോ തിരിവിലും നിർത്തി വഴി ചോദിക്കണം. ഒടുവിൽ നാരായണൻ ഒരു ഡ്രൈവറെ ഏർപ്പാടു ചെയ്തുതന്നു.

രാജ്യസഭാംഗമായ എം.എ. ബേബി ന്യൂഡൽഹിയിൽ ഇടയ്ക്കിടെ 'കവിയും കവിത'യും എന്നൊരു പരിപാടി നടത്തുമായിരുന്നു. ചടങ്ങിൽ ഒരു കവിയേ ഉണ്ടാവുകയുള്ളൂ. സ്വന്തം കവിതയെക്കുറിച്ച് സംസാരിക്കുകയും കവിത ചൊല്ലുകയും വേണം. ബേബി എന്നോട് അത്തരം ഒരു പരിപാടി നടത്താൻ ആവശ്യപ്പെട്ടു. കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽ എന്റെ പതിയുടെ സംഗീതക്കച്ചേരിയും ഏർപ്പാട് ചെയ്തു. രണ്ടിലും നാരായണൻ ദമ്പതികൾ ആദ്യന്തം ശ്രോതാക്കളായി ഉണ്ടായിരുന്നു. പിറ്റേ ദിവസമിറങ്ങിയ 'പയനീർ' പത്രത്തിൽ പ്രശസ്ത കലാനിരൂപകനായ സുബ്ബുഡു (ഗായകരും നർത്തകികളുമൊക്കെ ഭയപ്പെടുന്ന നിരൂപകനാണ് ഇദ്ദേഹം. ഇഷ്ടപ്പെട്ടില്ലെങ്കിൽ സംഹരിക്കുന്ന വിധത്തിൽ എഴുതും) "What a voice, what melody, what range" എന്ന ആദ്യവാചകത്തോടെ കച്ചേരിയെക്കുറിച്ചു എഴുതിയ മണ്ഡനലേഖനം ഞങ്ങളെ കാണിച്ചു തന്നത് ഉഷ നാരായണനായിരുന്നു.

## കവിതയെ സ്നേഹിച്ച കർമ്മപടു

എന്റെ ആദ്യ കവിതാസമാഹാരമായ 'പൊട്ടിച്ചൂട്ടുകൾ' പ്രകാശിപ്പിക്കാൻ എറണാകുളത്തെ കറകളഞ്ഞ സഹൃദയനും വായനക്കാരനും കലാസ്നേഹിയുമായ എം. കൃഷ്ണകുമാറും ചിത്രകാരനായ കലാധരനും ചേർന്ന് 'കലാപീഠം' എന്ന സാംസ്കാരിക സ്ഥാപനത്തിൽ ഒരു ചടങ്ങ് ഏർപ്പാട് ചെയ്തിരുന്നു. എം.വി. ദേവനും എം.കെ.കെ. നായരുമൊക്കെ ചടങ്ങിൽ പങ്കെടുക്കാൻ ക്ഷണിക്കപ്പെട്ടിരുന്നു. പ്രകാശനകർമ്മം നിർവഹിക്കാൻ കവിതയെ സ്നേഹിക്കുന്ന ആളും അന്ന് കേന്ദ്രമന്ത്രിയുമായിരുന്ന നാരായണനെ ക്ഷണിക്കണമെന്ന് എനിക്കും സംഘാടകർക്കും ആഗ്രഹമുണ്ടായി.

അദ്ദേഹത്തിന് ആ ദിവസമോ അടുത്ത ദിവസങ്ങളിലോ കേരളത്തിൽ പരിപാടിയൊന്നുമുണ്ടായിരുന്നില്ല. ഫോണിൽ ആഗ്രഹം അറിയിച്ചപ്പോൾ ആ പരിപാടിക്ക് മാത്രമായി കേരളത്തിൽ വരാമെന്ന് സ്നേഹപൂർവം പറയുകയും വരികയും ചെയ്തു. പുസ്തകം പ്രകാശനം ചെയ്തുകൊണ്ട് ലോകകവിതയിലെ ആധുനിക പ്രവണതകളെക്കുറിച്ച് അരമണിക്കൂർനേരം പ്രഭാഷണം നടത്തിയത് ഓർമ്മവരുന്നു. മന്ത്രി എന്ന നിലയ്ക്കുള്ള യാത്ര ഔദ്യോഗിക കാര്യങ്ങൾക്ക് മാത്രമേ പാടുള്ളൂ എന്ന നിർബന്ധമുള്ള അദ്ദേഹം സ്വന്തം കാശെടുത്താണ് ആ വരവിന് വിമാനടിക്കറ്റ് വാങ്ങിയതെന്ന് ഞാൻ ഇന്നും സംശയിക്കുന്നു. സെക്രട്ടറി രാജനോട് ചോദിച്ചപ്പോൾ ഒരു ചിരി മാത്രമായിരുന്നു മറുപടി.

ന്യൂഡൽഹിയിൽ അദ്ദേഹം താമസിച്ച നാലു വസതികളിലും സ്നേഹപൂർവം ഒരുക്കി വച്ചിരുന്ന ലൈബ്രറികളിൽ നൂറുകണക്കിന് കവിതാപുസ്തകങ്ങളാണ് ഉണ്ടായിരുന്നത്. യൂറോപ്യൻ തെക്കേ അമേരിക്കൻ–ആഫ്രിക്കൻ കവികളുടെ സമാഹാരങ്ങൾ നിരവധിയായിരുന്നു. ഒന്നുരണ്ട് പ്രസംഗങ്ങളിൽ ഉദ്ധരിച്ചുകേട്ട ഖലീൽ ജിബ്രാന്റെ കവിതാശകലം.

"ഇന്നലെയെന്നത് ഇന്നത്തെ
ഓർമ്മയാണ്.
ഇന്ന് എന്നത് നാളത്തെ
സ്വപ്നവും.
കാരണം അവയിലാണ്
അനന്തതയുടെ
കവാടങ്ങൾ മറഞ്ഞുകിടക്കുന്നത്"

കറുത്ത വംശജരായ കവികളുടെ സൃഷ്ടികളുമായി ആ എൺപതുകളിൽ എനിക്ക് പരിചയം കുറവായിരുന്നു. നാരായണനാണ് ചില കവിതകൾ എനിക്ക് പരിചയപ്പെടുത്തിത്തന്നത്. സംഭാഷണ മദ്ധ്യേ അദ്ദേഹം ചില വരികൾ ഉദ്ധരിക്കുമ്പോൾ ഞാനത് കുറിച്ചെടുക്കുമായിരുന്നു. ആ പുസ്തകം ഈയിടെ തട്ടിൻപുറത്തുനിന്നു കണ്ടുകിട്ടി. കൗണ്ടികല്ലൻ എന്ന കറുത്ത കവിയുടെ വരികൾ.

"നിങ്ങളുടെ പ്രണയിനി
വെളുത്തവളാണെങ്കിൽ
എന്റേത് കറുത്തവളാണ്.
ഞാൻ ആലിംഗനം ചെയ്യുമ്പോൾ
അവൾക്ക് നിങ്ങളുടേതിനേക്കാൾ
സൗന്ദര്യമേറും.
വിളർത്ത മുടിയും നേർത്തതും
തണുത്തതുമായ രക്തവും
ഉള്ളവളേക്കാൾ സുന്ദരി"

അദ്ദേഹം ഉദ്ധരിച്ചിരുന്ന ജി. ബെന്നറ്റ് എന്ന കറുത്ത കവിയുടെ കവിതാശകലം,

"ഞാൻ നിന്റെ
കറുപ്പിനേയും മുലകളുടെ
കറുത്ത വൃത്തങ്ങളേയും
പ്രണയിക്കുന്നു.
നിന്റെ സ്വരത്തിലെ
നുറുങ്ങി വീഴുന്ന ശോകത്തേയും
വഴിതെറ്റി മിന്നുന്ന കണ്ണിമകളിലെ
നിഴലുകളേയും പ്രണയിക്കുന്നു."

മനുഷ്യന് സാമ്പത്തിക സ്വാതന്ത്ര്യം മാത്രം പോരാ മനഃസ്വാതന്ത്ര്യവും കൂടി വേണമെന്ന് സമർത്ഥിച്ചുകൊണ്ട് ഡൽഹി സർവകലാശാലയിൽ ചെയ്ത പ്രഭാഷണത്തിൽ നാരായണൻ തൂഹൂ എന്ന വിയറ്റ്നാമീസ് കവിയുടെ വരികളാണ് ഉദ്ധരിച്ചത്.

"ഒരു കുഞ്ഞിക്കിളിയുടെ പാട്ടിനെ
ഒരു നൊടിപോലും
വിലക്കുന്നതെന്തിന്?
ആകാശവും പ്രകാശവും മോന്തി
മത്ത് പിടിക്കുന്നതിന്ന് അതിനെ

കാറ്റിലേക്കും മേഘത്തിലേക്കും
തിരിച്ചയച്ചുകൂടെ?”

ടാഗോറിനെക്കുറിച്ച് അദ്ദേഹം ചെയ്ത ഒരു പ്രഭാഷണത്തിന്റെ ശബ്ദലേഖനം എന്റെ കൈവശമുണ്ടായിരുന്നു. ഉടനീളം കാവ്യാത്മക ശൈലിയിലായിരുന്നു ആ ഭാഷണം. അദ്ദേഹം പറഞ്ഞു,

“ഭാഷയുടെ പ്രഭാമയമായ മെയ്യഴകിനെ കല്പനയുടെ കിന്നരികൾ തുന്നിപ്പിടിപ്പിച്ച ആടകളണിയിപ്പിച്ച് ടാഗോൾ തന്റെ ആത്മീയഭാവങ്ങളെ ഇന്ദ്രിയ ബിംബങ്ങളിലൂടെ അവതരിപ്പിച്ചു. പക്ഷേ, ചിലപ്പോൾ വേദനയുടെ വീഞ്ഞ് മോന്തുന്ന വേളകളിൽ അദ്ദേഹം അവയെ പൂർണ്ണനഗ്നങ്ങളാക്കി മിന്നൽപ്പിണർ പോലുള്ള വാളാക്കി വീശി. ക്ഷണഭംഗുരങ്ങളായ നിമിഷങ്ങൾക്ക് പൂർണ്ണതയും ധന്യതയും ചേർത്ത് അവയ്ക്ക് കമ്രതയും അർത്ഥവും നൽകാനും അദ്ദേഹം ശ്രമിച്ചു. ജീവിതത്തിൽനിന്ന് ഒരിക്കലും പലായനം ചെയ്തില്ല. നക്ഷത്രമിഴികളിലൂടെ കിനാവ് മാത്രം കണ്ടിരുന്നില്ല. ടാഗോർ കവിതയിൽ ഒരുതരം അഗാധമൗനമുണ്ട്. ധന്യമായി തുടിച്ചും മധുരസ്വകാര്യം പറഞ്ഞുമുള്ള സംഗീതം പോലെ ശാന്തിയിലെത്തിക്കുന്ന ഒരു ധാര.”

## രാഗമറിയുന്ന രാഷ്ട്രീയൻ

കോളേജിൽ പഠിക്കുന്ന കാലത്ത് നാരായണൻ മലയാളത്തിൽ കവിത എഴുതുകയും ചില ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ദീർഘമായ വിദേശവാസത്തിനിടയിൽ മലയാള സാഹിത്യവുമായുള്ള ബന്ധം ശിഥിലമായിത്തീർന്നു. എഴുത്തും ഭാഷണവുമൊക്കെ ഇംഗ്ലീഷിൽ മാത്രമായി. പത്നി ബർമ്മക്കാരിയായതിനാൽ വീട്ടിൽപോലും മലയാളം ആവശ്യമായി വന്നില്ല. രാഷ്ട്രപതിയായി അവരോധിക്കപ്പെട്ടപ്പോൾ 'മലയാള മനോരമ' പത്രം അദ്ദേഹം തൊള്ളായിരത്തിമുപ്പതുകളിലെഴുതിയ ഒരു കവിത കണ്ടെടുത്ത് ഒന്നാം പേജിൽതന്നെ കൊടുത്തു. നാരായണൻ രാഷ്ട്രപതി ഭവനിൽനിന്ന് എന്നെ ഫോൺ ചെയ്ത് അതുകണ്ടുവോ എന്ന് ചോദിക്കുകയുണ്ടായി.

നാരായണന് ശാസ്ത്രീയസംഗീതത്തിലും അത്യാവശ്യം പിടിപാടുണ്ടെന്ന് ന്യൂഡൽഹിയിൽ വച്ചാണ് മനസ്സിലായത്. അദ്ദേഹത്തിന്റെ വീട്ടിൽവച്ച് എന്റെ പത്നി സുകുമാരി വൈകുന്നേരത്തെ കച്ചേരിക്കു വേണ്ടി സാധകം ചെയ്യുകയായിരുന്നു. ഇടനാഴിയിലൂടെ പോയിരുന്ന അദ്ദേഹം അത് കേട്ടു. ഉച്ചയ്ക്ക് ഊണു കഴിക്കുമ്പോൾ അദ്ദേഹം ചോദിച്ചു, “കാലത്ത് ഭൈരവി രാഗം ആലപിക്കുന്നത് കേട്ടു. അതിൽ ഏത് കൃതിയാണ് വൈകുന്നേരം പാടുന്നത്.” ദീക്ഷിതർകൃതിയായ 'ബാലഗോപാല...'യാണ് എന്ന് പറഞ്ഞപ്പോൾ അദ്ദേഹം കൂട്ടിച്ചേർത്തു, കോട്ടയത്തിന്റെ ചുറ്റുവട്ടത്തിലുള്ള ക്ഷേത്രങ്ങളിൽപോയി ഉത്സവക്കച്ചേരികൾ ചെറുപ്പത്തിൽ കേൾക്കാറുണ്ടായിരുന്നുവെന്ന്.

ഉപരാഷ്ട്രപതി ഭവനിലും രാഷ്ട്രപതി ഭവനിലും അദ്ദേഹം എന്റെ പത്നിയുടെ കച്ചേരികൾ ക്ഷണിക്കപ്പെട്ട സദസ്സിന് മുന്നിൽ ഏർപ്പാട് ചെയ്തു. ആദ്യത്തേത് ഉദ്യാനത്തിൽ വെച്ചായിരുന്നു. ചില കേന്ദ്രമന്ത്രിമാരും എം.പിമാരുമൊക്കെയുണ്ടായിരുന്നു. അടൽ ബിഹാരി വാജ്പേയിയുമുണ്ടായിരുന്നു. നിലം മുഴുവൻ വെള്ളക്കിടക്ക വിരിച്ചു നീണ്ടുരുണ്ട തലയിണകൾ വച്ച് ശ്രോതാക്കളെ ഇരുത്തിക്കൊണ്ടായിരുന്നു കച്ചേരി. ഒരുതരം മെഹ്ഫിൽ സ്റ്റൈലിൽ. ന്യൂഡൽഹിക്ക് പുറപ്പെടുന്നതിനു മുൻപ് ഫോണിൽ വിളിച്ച് പറഞ്ഞു, കല്യാണിരാഗം പാടണമെന്ന്. രണ്ടാമത്തേത് കേന്ദ്രമന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്യുന്ന അശോകാഹാളിൽ വച്ചായിരുന്നു. അത്തവണയും സെക്രട്ടറി രാജൻ ഒറ്റപ്പാലത്തേയ്ക്ക് വിളിച്ച് രാഷ്ട്രപതിക്ക് സംസാരിക്കണമെന്ന് പറഞ്ഞു. കച്ചേരിയിൽ കാംബോജി രാഗം മെയ്ൻ ആയി പാടണമെന്ന് പറയാനാണ് അദ്ദേഹം തന്നെ ലൈനിൽ വന്നത്.

ഉപരാഷ്ട്രപതിഭവനിലെ കച്ചേരിക്ക് ഞങ്ങളോടൊപ്പം ന്യൂഡൽഹിയിൽ വന്ന് ഇന്ത്യ ഇന്റർനാഷണൽ സെന്ററിൽ താമസിച്ചിരുന്ന പുനത്തിൽ കുഞ്ഞബ്ദുള്ളയേയും മുസാഫിറിനേയും പത്നി സെലീനയേയും കൂട്ടിക്കൊണ്ടുപോയി. ദൂരദർശനിലെ കെ. കുഞ്ഞികൃഷ്ണനും പത്നി രാഗിണിയുമുണ്ടായിരുന്നു. വി.കെ. മാധവൻകുട്ടിയും. കച്ചേരി കഴിഞ്ഞ് നാരായണനും ഉഷയുമായി ഞങ്ങൾ ഉദ്യാനത്തിൽ സംസാരിച്ച് നിൽക്കുകയായിരുന്നു. പെട്ടെന്ന് എന്റെ പത്നി ബോധരഹിതയായി നിലത്തുവീണു. അടുത്തുള്ളവരിൽ ആരോ താങ്ങിയെടുത്ത് സമീപത്തുള്ള പാവ്ല്യണിലെ ബെഞ്ചിൽ കിടത്തി. ഡോക്ടറായ പുനത്തിൽ പരിശോധിച്ച് പറഞ്ഞു, ‘‘പേടിക്കാനൊന്നുമില്ല. ഒരു ചെറിയ ഹീറ്റ് സ്ട്രോക്ക് അടിച്ചതാണ്.’’ പെട്ടെന്ന് തന്നെ ബോധം വന്ന് എഴുന്നേറ്റിരുന്നു. ആ സമയം നാരായണൻ പറഞ്ഞു, “എന്റെ അലമാരിയിൽ ചില മരുന്നുകൾ ഇരിപ്പുണ്ട്. വേണമെങ്കിൽ കൊടുക്കാം.’’ അത് കേട്ട ഉടനെ വന്നു ഉഷയുടെ പ്രതികരണം. “ഡാർളിങ്! നിങ്ങൾ അതിൽ തലയിടേണ്ട. ഒരു ഡോക്ടറല്ലെ പരിശോധിക്കുന്നത്? യൂ കൈൻഡ്ലി ഷട്ട് അപ്’’ നാരായണൻ ഭാര്യയെ അനുസരിക്കുന്ന ഭർത്താവിനെപ്പോലെ പുഞ്ചിരിച്ച് മൗനം ദീക്ഷിച്ചു. എന്നാൽ, നാരായണന്റെ ചെറിയ ഇഷ്ടങ്ങൾക്കുപോലും ഉഷ വിപരീതമായി പ്രവർത്തിക്കില്ല എന്ന് ഒന്നിലധികം തവണ ഞങ്ങൾക്ക് വ്യക്തമായിരുന്നു.

ഒരിക്കൽ ഏതോ ഒരു ചടങ്ങിന് പോകുന്നതിന്ന് മുൻപ് നാരായണനോട് പറയാൻ അവർ മറന്നുപോയി. അദ്ദേഹം കാലത്തുതന്നെ ഓഫീസിൽ പോയിരുന്നു. ചടങ്ങ് കഴിഞ്ഞ് തിരിച്ചുവന്നപ്പോൾ ഉഷ പറഞ്ഞുകൊണ്ടിരുന്നു, ചോദിക്കാതെയാണ് പോയത്. എന്ത് പറയുമോ ആവോ. നാരായണൻ വന്നപ്പോൾ ചടങ്ങിനെക്കുറിച്ച് അവർ പറഞ്ഞു. അഹിതമില്ലെന്ന് അറിഞ്ഞപ്പോൾ മാത്രമേ പരിഭ്രമം മാറിയുള്ളൂ. ഒരിക്കൽ നാരായണന്റെ മകൾ ചിത്ര ഞങ്ങളോട് പറഞ്ഞു, (അന്ന് അവർ അംബാസഡറായിക്കഴിഞ്ഞിരുന്നു) “നിങ്ങൾ പപ്പായുടെ വെൽവെറ്റുപോലെ മിനുസമായ പുറംതോട് മാത്രമേ കണ്ടിട്ടുള്ളൂ. ഉള്ളിലുള്ള കാരിരുമ്പ് കണ്ടിട്ടില്ല.”

രാഷ്ട്രപതി ഭവനിൽ കച്ചേരിയുണ്ടായപ്പോൾ പ്രശസ്ത ഗായകനായ കെ.വി. നാരായണസ്വാമിയുടെ കച്ചേരിയുമുണ്ടായിരുന്നു. അവിടത്തെ പതിവുക്ഷണം ഓരോ അതിഥിക്കും ആളെ അയച്ച് നേരിട്ട് എത്തിക്കുക എന്ന

താണ്. ക്ഷണിതാക്കളുടെ ഭാഗത്തു നിന്ന് വേറെയാരെങ്കിലുമുണ്ടെങ്കിൽ രാഷ്ട്രപതിയുടെ സെക്രട്ടേറിയേറ്റിൽ നിന്ന് തിരിച്ചറിവ് വിവരങ്ങൾ നൽകി നേരത്തെ അനുവാദം വാങ്ങണം. കെ.വി. നാരായണസ്വാമി അത്തരം അനുവാദം വാങ്ങി സുഹൃത്തായ ചെന്നൈയിലെ ഒരു വലിയ വസ്ത്ര വ്യാപാരിയേയും കൊണ്ടുവന്നിരുന്നു. കച്ചേരി നടത്തുന്നവരുടെ പാർട്ടിയെ ഹാളിലെത്തും മുൻപ് രാഷ്ട്രപതിയെ കാണാൻ ഒരു സന്ദർശകമുറിയിലേക്ക് കൂട്ടിക്കൊണ്ടുപോകും.

വസ്ത്രവ്യാപാരിയുടെ കൈയിൽ സെക്യൂരിറ്റി ചെക്ക് കഴിഞ്ഞ ഒരു തുകൽബാഗ് ഉണ്ടായിരുന്നു. ആ ബാഗ് ഉഷ നാരായണന്റെ മുന്നിൽവച്ച് ആ ധനാഢ്യൻ പറഞ്ഞു, "ഇത് ഞങ്ങളുടെ വിശ്രുതമായ കാഞ്ചീപുരം സാരികളാണ്. എല്ലാ രാഷ്ട്രപതിമാരുടെ പത്നിമാർക്കും ഞങ്ങൾ ഇത് സമ്മാനിക്കുക പതിവാണ്." ഉഷ ബാഗ് തുറന്ന് കാണിക്കാൻ ആവശ്യപ്പെട്ടു. ഓരോന്നിനും അക്കാലത്ത് പത്തിരുപതിനായിരം രൂപ വിലവരുന്ന അരഡസൻ സാരികൾ. ഇതൊന്നും ഇവിടെ സ്വീകരിക്കുകയില്ല എന്ന് ഉഷ പറഞ്ഞു. മുറിയുടെ ഒരറ്റത്ത് സെക്രട്ടറിമാർക്ക് എന്തോ നിർദ്ദേശം കൊടുത്തുകൊണ്ടിരുന്ന നാരായണൻ അപ്പോളാണ് അത് കണ്ടത്. ചിരിച്ചുകൊണ്ടിരുന്ന മുഖം പൊടുന്നനെ ഗൗരവത്തിലായി. സെക്രട്ടറിമാരോട് ആരാണ് ഈ ബാഗ് കൊണ്ടുവരാൻ സമ്മതം കൊടുത്തത് എന്ന് ചോദിച്ചു. എന്നിട്ട് വസ്ത്രവ്യാപാരിയോട് ബാഗ് ഉടനെത്തന്നെ തിരിച്ചയച്ച് കൊണ്ടുവന്ന കാറിൽ വയ്ക്കാൻ പറഞ്ഞു.

ഒരു പാർട്ടിക്കും പാർലമെന്റിൽ ഭൂരിപക്ഷമില്ലാത്ത അവസ്ഥയിൽ ഏറ്റവും അധികം സീറ്റുകളുള്ള പാർട്ടിയുടെ നേതാവിനെ മന്ത്രിസഭ രൂപീകരിക്കാൻ വിളിക്കുന്ന പതിവ് മാറ്റിയും മറ്റ് പാർട്ടികളുടെ സഹായത്തോടെ ശക്തിതെളിയിക്കുന്ന പാർട്ടിയുടെ നേതാവിനെ മാത്രം വിളിക്കുന്ന രീതി കൊണ്ടുവന്നും നാരായണൻ തന്റെ വ്യത്യസ്തത തെളിയിച്ചത് ചരിത്രത്തിന്റെ ഭാഗമാണല്ലോ. ഭരണഘടനയുടെ 356-ാം വകുപ്പുപ്രകാരം യു.പിയിലെ കല്യാൺസിംഗ്-റാബ്റി ദേവി സർക്കാരുകളെ പുറത്താക്കാനുള്ള ഗുജറാൾ-വാജ്പേയി സർക്കാരുകളുടെ ഉപദേശത്തെ തിരിച്ചയച്ചതിലൂടെ നിശ്ചയദാർഢ്യവും സ്വേച്ഛയുമുള്ള ഒരു രാഷ്ട്രപതിയാണ് താനെന്ന് നാരായണൻ തെളിയിച്ചിരുന്നു. ഒരിക്കലും അദ്ദേഹം ഒരു റബ്ബർ സ്റ്റാമ്പ് രാഷ്ട്രപതിയായില്ല.


കെ.ആർ. നാരായണനും ലേഖകനും

## തൊപ്പി മദ്ദളത്തിന്റെ വിമാനയാത്ര

ഉപരാഷ്ട്രപതിയായിരുന്നപ്പോൾ എന്റെ വീട്ടിൽ വരാൻ തുനിഞ്ഞ സമയം സംസ്ഥാന സർക്കാരിന്റെ ആഭ്യന്തര വകുപ്പിൽനിന്ന് ചില എതിർപ്പുകളുണ്ടായി. എന്റെ വീട് നിൽക്കുന്ന പാലാട്ട് റോഡിന് വീതി പോരെന്നും ഉപരാഷ്ട്രപതിയുടെ Cavalcade-ന് പോകാൻ അസൗകര്യമാകുമെന്നുമായിരുന്നു കാരണം. മുപ്പത്തിമൂന്ന് വെളുത്ത കാറുകളും മെഡിക്കൽ വാനും വേറെ വാഹനങ്ങളുമുണ്ടായിരിക്കും അകമ്പടിയായി.

തലേദിവസം ഈ വാഹനങ്ങളെല്ലാം കൊണ്ടുവന്ന് ഒരു റിഹേഴ്സൽ നടത്തും. ഉപരാഷ്ട്രപതി കാറിൽ നിന്നിറങ്ങുന്ന സ്ഥലം പോലും മണ്ണിൽ രേഖപ്പെടുത്തും. കരിംപൂച്ചകൾ തലേദിവസം മുതൽ കാവലുണ്ടാകും. ഭക്ഷണം രുചിച്ച് നോക്കി അപ്രൂവ് ചെയ്യാൻ ഹെൽത്ത് സ്ക്വാഡും സന്നിഹിതരാകും. അതിനൊക്കെ സൗകര്യം കുറവാണെന്ന നിലപാടാണ് പൊലീസെടുത്തത്. പക്ഷേ, നാരായണൻ മൂന്ന് വീടുകളിൽ പോകണമെന്ന് ശഠിച്ചുനിന്നു. തിരുവനന്തപുരത്ത് ഡോ. കെ.എൻ. രാജിന്റെയും ഷൊർണ്ണൂരിൽ തമ്പാച്ചന്റെയും ഒറ്റപ്പാലത്ത് എന്റെയും വീടുകളായിരുന്നു അവ. മൂന്നും സന്ദർശിക്കുകയും ചെയ്തു. വഴിപോക്കന്മാർക്കാണ് ബുദ്ധിമുട്ടുണ്ടാക്കിയത്. പാലാട്ട് റോഡ് മൂന്നാല് മണിക്കൂർനേരം പൊലീസ് അടച്ചിട്ടു. രാഷ്ട്രപതിയായപ്പോൾ ആ ബഹുമതി വേണ്ടെന്നു ഞാനും തമ്പാച്ചനും നാരായണനോട് പറഞ്ഞു.

കലയോട് നാരായണനുണ്ടായിരുന്ന അനുഭാവത്തെക്കുറിച്ച് മറ്റൊരു സംഭവം ഓർമ്മവരികയാണ്. പ്രശസ്ത മോഹിനിയാട്ടം നർത്തകി ഭാരതിശിവജി കേരളത്തിൽ ഒരു തൊപ്പി മദ്ദളം ഉണ്ടാക്കിപ്പാൻ ഏർപ്പാട് ചെയ്തു. ന്യൂഡൽഹിയിലെ ഒരു അന്താരാഷ്ട്ര സെമിനാറിൽ മോഹിനിയാട്ടം അവതരിപ്പിക്കുമ്പോൾ ഉപയോഗിക്കുവാനാണ് ഉണ്ടാക്കിച്ചത്. മോഹിനിയാട്ടത്തിൽ മുൻകാലങ്ങളിലെ വാദ്യം തൊപ്പിമദ്ദളമായിരുന്നുവത്രെ.

മൃദംഗവും ശുദ്ധമദ്ദളവുമൊക്കെ മഹാകവി വള്ളത്തോൾ കേരള കലാമണ്ഡലത്തിൽ മോഹിനിയാട്ടം ആരംഭിച്ചശേഷമാണ് അകമ്പടിയാകാൻ തുടങ്ങിയത്. തനത് കലയുടെ വക്താവായ ഭാരതി സോപാന സംഗീതമടക്കമുള്ള മോഹിനിയാട്ടത്തിന്റെ ആദിരൂപം തിരിച്ചുകൊണ്ടുവരണമെന്ന അഭിപ്രായക്കാരിയായിരുന്നു. തൊപ്പിമദ്ദളം ശുദ്ധമദ്ദളത്തേക്കാൾ കനവും വലിപ്പവുമുള്ള ഒരു വാദ്യമാണ്. മദ്ദളം തന്നെ നല്ല കനമുള്ള വാദ്യമാണല്ലോ. തൊപ്പിമദ്ദളത്തിന്റെ നിർമ്മാണം പൂർത്തിയാകൽ വൈ

കി. ഭാരതിയുടെ പരിപാടിക്ക് രണ്ട് ദിവസം മുൻപ് മാത്രമാണ് അതെന്റെ വീട്ടിലെത്തിയത്. അന്നു തന്നെ ഒരാൾ വശം അത് ട്രെയിനിൽ ന്യൂഡൽഹിയിലേക്ക് കൊടുത്തയയ്ക്കണമെന്ന് നിർബന്ധിച്ചുകൊണ്ട് ഭാരതി എന്നേയും പതിയേയും നിരന്തരം ഫോണിൽ വിളിച്ചുകൊണ്ടിരുന്നു. അങ്ങനെ ഒരാളിനെ തിരയുകയായിരുന്നു ഞങ്ങൾ. അക്കാലത്ത് ഉപരാഷ്ട്രപതിയായിരുന്ന നാരായണൻ തൃശ്ശൂരിൽ ഏതോ ചടങ്ങിൽ സംബന്ധിക്കുന്നുണ്ടെന്നറിഞ്ഞ് ഞങ്ങൾ രാമനിലയത്തിൽ പോയിക്കണ്ടു.

സംഭാഷണ മദ്ധ്യേ തൊപ്പി മദ്ദളത്തിന്റെ കാര്യം വെറുതെ ഞങ്ങൾ പറഞ്ഞു. ആരെയും അന്വേഷിച്ച് ബുദ്ധിമുട്ടേണ്ടാ ഞാൻ ഇന്ന് പോകുമ്പോൾ പ്ളെയ്നിൽ കൊണ്ടുപോകാമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. അന്നുതന്നെ വാദ്യം കാണണമെന്ന് പറഞ്ഞ് നാരായണൻ കെട്ടഴിപ്പിച്ച് നോക്കി. സംഗീതവാദ്യമാണ്, സൂക്ഷിച്ച് കൈകാര്യം ചെയ്യണമെന്ന് സെക്രട്ടറിയോട് നിർദ്ദേശിച്ചു. എന്തിനേറെപ്പറയുന്നു, വാദ്യം കാറിന്റെ ഡിക്കിയിൽ വയ്ക്കുന്നതിനുപോലും അദ്ദേഹത്തിന്റെ നേരിട്ടുള്ള മേൽനോട്ടമുണ്ടായി. ഭാരതിക്ക് ഫോണിൽ വിവരം പറഞ്ഞപ്പോൾ ആദ്യം വിശ്വാസമായില്ല. ഒരു നർത്തകിക്കുവേണ്ടി ഭാരതത്തിന്റെ ഉപരാഷ്ട്രപതി തൊപ്പിമദ്ദളം കേരളത്തിൽനിന്ന് തലസ്ഥാനത്തേയ്ക്ക് കൊണ്ടുവരികയോ? ഭാരതിക്ക് മദ്ദളം എടുത്തുകൊണ്ടുവരികകൂടി വേണ്ടിവന്നില്ല. വീട്ടിലെത്തിക്കപ്പെട്ടു.

എന്റെ മകൾ വാണി വിവാഹം കഴിഞ്ഞ് ന്യൂഡൽഹിയിലെത്തിയ സമയം നാരായണൻ രാഷ്ട്രപതിയായിരുന്നു. അദ്ദേഹം ഫോണിൽ വിളിച്ച് ചോദിച്ചു, “മകളുടെ സുഖമന്വേഷിക്കാൻ വരുന്നില്ലേ? അവർക്ക് ഞാൻ നൽകുന്ന ഡിന്നറിൽ നിങ്ങളും പങ്കെടുക്കണം. ഞാൻ ഡൽഹി സ്വരലയ പ്രസിഡന്റ് ജസ്റ്റിസ് ബാലകൃഷ്ണ ഏറാടിയോട് പറഞ്ഞ് അശോക ഹോട്ടലിൽ സുകുമാരിയുടെ സംഗീതക്കച്ചേരി ഏർപ്പാട് ചെയ്തിട്ടുണ്ട്. നിങ്ങളുടെ വിമാനചാർജ് അങ്ങനെ കഴിയുമല്ലോ. രാഷ്ട്രപതി ഭവനത്തിലെ അത്താഴവിരുന്നുകൾക്ക് ചില പ്രത്യേകതകളുണ്ട്. ഓരോ അതിഥിക്കും ഓരോ വെയ്റ്റർ ഉണ്ടാകും. കോർസിന് പുറകെ കോർസായി അതിന് ഒരു ഔപചാരിക പരിവേഷമുണ്ടായിരിക്കും. മകൾക്കും ഭർത്താവിനുമുള്ള വിരുന്നിന് സഹ അതിഥികളായി ഉണ്ടായിരുന്നത് കാർട്ടൂണിസ്റ്റ് കുട്ടിയടക്കമുള്ള ഞങ്ങളുടെ ചില സുഹൃത്തുക്കളാണ്.

## ധന്യതയുടെ സ്നേഹസാമ്രാജ്യം

ഇതെഴുതുമ്പോൾ എന്റെ വീട്ടിൽ വച്ചുനടന്ന ഒരു പിറന്നാളൂണാണ് സ്മരണയിൽ വരുന്നത്. നാരായണൻ കേന്ദ്രമന്ത്രിയായിരുന്ന കാലത്ത് ഒരു നാൾ എറണാകുളത്തുനിന്ന് ഫോൺ വിളിച്ചു പറഞ്ഞു, “നാളെ എന്റെ പിറന്നാളാണ്. നാടൻരീതിയിൽ വേണം. അത് താങ്കളുടെ വീട്ടിലാകുന്നതിൽ ബുദ്ധിമുട്ടുണ്ടോ?” ഞങ്ങൾ പഴയരീതിയിൽ പിറന്നാൾ സദ്യയൊരുക്കി. കേക്ക് മുറിക്കലും മെഴുകുതിരി ഊതിക്കെടുത്തലും ഹാപ്പി ബർത്ത്ഡേ പാടലും ഒഴിവാക്കി. പിറന്നാൾ ദിവസം ദീപം തെളിയിപ്പിക്കുന്നതിന് പകരം ഊതിക്കെടുത്തുന്ന സായ്പിന്റെ അശുഭകരമായ ചടങ്ങ് പകർത്തുകയും പലരും പല സ്ഥായിയിൽ ഹാപ്പി ബർത്ത്ഡേ പാടി അപശബ്ദമുണ്ടാക്കുകയും ചെയ്യുന്ന ഏർപ്പാടാണ് വേണ്ടെന്ന് വച്ചത്. നിലത്ത് പന്തിപ്പായ വിരിച്ച് ഇലയിട്ട് സദ്യവിളമ്പി. കോച്ചേരിൽ രാമൻ, പാപ്പിയമ്മ തുടങ്ങിയ പിതൃക്കൾക്ക് വിളക്കുവച്ച് ഇലയിട്ട് വിഭവങ്ങൾ വിളമ്പി.

നാരായണനും ഉഷയും നിലത്തിരുന്നുതന്നെ പിറന്നാളുണ്ടു. എനിക്ക് അമേരിക്കയിൽനിന്ന് ഒരു ബന്ധു കൊണ്ടുവന്നുതന്ന ഒരു സ്യൂട്ട് ലെങ്ത്ത് എൺപത് വയസ്സായിരുന്ന എന്റെ അമ്മയെക്കൊണ്ട് പിറന്നാൾ സമ്മാനമായി കൊടുപ്പിച്ചു. അമ്മ നാരായണന്റെ തലയിൽ കൈവച്ചുകൊണ്ട് ആശീർവദിച്ചു, “ഇന്ത്യയുടെ പ്രധാനമന്ത്രിയോ പ്രസിഡന്റോ ആകട്ടെ.” അതൊന്നും ആഗ്രഹിക്കുന്നില്ല. മോഹിച്ചതിലധികം കിട്ടിക്കഴിഞ്ഞു എന്നായിരുന്നു മറുപടി.

ഞങ്ങൾ നാരായണനെ അവസാനമായിക്കണ്ടത് ഞങ്ങളുടെ പേരമകനെ കാണിക്കാൻ കൊണ്ടുപോയപ്പോളായിരുന്നു. രാഷ്ട്രപതി സ്ഥാനത്തുനിന്ന് വിരമിച്ച് പൃഥിരാജ് റോഡിൽ സർക്കാർ നൽകിയ വസതിയിൽ താമസിക്കുകയായിരുന്നു അദ്ദേഹം. ഉഷ ആകെ മാറിക്കണ്ടു. ഞങ്ങളെ കണ്ടിട്ട് മനസ്സിലാവാത്തപോലെ എവിടെയോ നോക്കി അവർ മൗനത്തിലിരുന്നു. മറവിരോഗം അവരുടെ പ്രജ്ഞയെ മരവിപ്പിച്ച് തുടങ്ങിയിരുന്നു.

കുട്ടികളെ ഏറെ ഇഷ്ടപ്പെട്ടിരുന്ന അവർ നോക്കിയതുപോലുമില്ല. സദാ ഉന്മേഷവതിയായി ഫലിതം പറഞ്ഞിരുന്ന, എല്ലാ കാര്യങ്ങളും അതീവം ശ്രദ്ധിച്ചിരുന്ന, പൂക്കളേയും പക്ഷികളേയും സ്നേഹിച്ചിരുന്ന, എന്റെ പതിയെ പിടിച്ചിരുത്തി ‘മാഹ് ജോംഗ്’ എന്ന ചൈനിസ് കളി പഠിപ്പിച്ചിരുന്ന, ബർമ്മീസ് കഥകൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിരുന്ന, ഒറ്റപ്പാലത്ത് ഒരു വർക്കിങ് വിമൻസ് ഹോസ്റ്റലിന് കേരള സർക്കാരിനെ വിടാതെ പിടിച്ച് സ്ഥലം വാങ്ങിത്തന്ന്, നിർമ്മാണ ഫണ്ട് കേന്ദ്രസർക്കാരിൽനിന്ന് ഈടാക്കി എന്റെ പതിയെ കമ്മിറ്റി പ്രസിഡണ്ടാക്കി നടത്തിക്കാൻ മുൻകൈയെടുത്തിരുന്ന ആ ഊർജസ്വലയായ മഹതിയുടെ നിശ്ചലാവസ്ഥ എന്നെ ഏറെ അലട്ടി. നാരായണനാകട്ടെ കുഞ്ഞിനെ മടിയിലെടുത്തു വച്ച് താലോലിച്ചു.

രണ്ട് പേരും അന്തരിക്കുമ്പോൾ ഞങ്ങൾ ഹ്രസ്വമായ വിദേശയാത്രകളിലായിരുന്നു. നാരായണന്റെ അന്ത്യദിനത്തിലാണ് ഒറ്റപ്പാലത്ത് തിരിച്ചെത്തിയത്. കാളിദാസവചനം ഇതെഴുതുമ്പോൾ ഓർക്കുകയാണ്. ആ ദമ്പതികളിൽ, പത്തുപതിനഞ്ച് കൊല്ലത്തെ പരിചയത്തിൽ, ഞങ്ങൾ രമ്യങ്ങളേ കണ്ടുള്ളൂ. മധുരങ്ങളേ കേട്ടുള്ളൂ. എന്തോ മുജ്ജന്മ ബന്ധമായിരിക്കുമോ?

“തച്ചേതസാ സ്മരതി
നൂനമബോധപൂർവം
ഭാവസ്ഥിരാണി ജനനാന്തര
സൗഹൃദാനി”

ഞങ്ങളറിഞ്ഞത് വിശ്വത്തോളം വളർന്ന ഒരു ദളിതഗ്രാമീണന്റെ, വിനയത്തിലും ലാളിത്യത്തിലും വികസിച്ച തൻപോരിമയുടെ, നിസ്വതയെ അതിജീവിച്ച ധന്യതയുടെ സ്നേഹസാമ്രാജ്യമായിരുന്നു. ■